**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2372** **30-09-2025 - ൽ മറുപടിയ്ക്ക്**

**ലഹരി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ ലഹരി വ്യാപനം കൂടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ സർക്കാർ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ ലഹരി കച്ചവടവും ഉപയോഗവും സംബന്ധിച്ച് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് ലഹരി വ്യാപനം കൂടുന്നതു കൊണ്ടല്ല മറിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നത് കൊണ്ടാണ്. വിദ്യാലയ പരിസരങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>വിദ്യാലയങ്ങളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിനു വേണ്ടി സ്കൂൾ/കോളേജ് പരിസരത്തെ കടകളിൽ പരിശോധന നടത്തി ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ ലഹരി മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് എക്സൈസ് വകുപ്പ് സംയുക്ത പരിശോധനകൾ നടത്തുകയും, സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ചു പരിശോധന നടത്തി നിയമനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും എക്സൈസ് ഉദ്യോഗസ്ഥർ വിദ്യാലയങ്ങൾ സന്ദർശിക്കുകയും, ഉപയോഗ ശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കുവാൻ കഴിയുന്ന ഇടങ്ങൾ എന്നിവ കണ്ടെത്തി സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്കൂൾ തുറക്കുന്നതിന് ഒരു മണിക്കൂർ മുമ്പും സ്കൂൾ സമയം അവസാനിച്ചതിനു ശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തുകയും, മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹന പരിശോധന നടത്തുകയും, പുകയില, മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി കൗൺസിലിംഗ്/ഡി അഡിക്ഷൻ ചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്തു വരുന്നു. സ്കൂൾ പരിസരത്തെ കടകളിലും സ്ഥാപനങ്ങളിലും പരിചയമില്ലാത്തതും, സംശയമുള്ളതുമായ വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നല്കിയിട്ടുണ്ട്.<br><br>ലഹരിയുടെ ദുരുപയോഗം ഇല്ലാതാക്കുക എന്ന ലക്ഷ്യം വച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനോടൊപ്പം വിമുക്തിയുടെ സഹകരണത്തോടെ ശാസ്ത്രീയമായ രീതിയിലുള്ള വിവിധങ്ങളായ ബോധവത്ക്കരണ പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | ലഹരി വ്യാപനം തടയാൻ 24 മണിക്കൂറും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;<br>വിശദമാക്കാമോ? | (ബി) | ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ് ടീമും, ഹൈവേ പട്രോൾ ടീമും രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി മയക്കുമരുന്നു കടത്തിക്കൊണ്ടു വരുന്നതും വിൽപ്പന നടത്തുന്നതും തടയുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ എക്സൈസ് കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലുവഴിയും ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകൾ രൂപീകരിച്ചും പൊതുജനങ്ങളിൽ നിന്ന് വിവരങ്ങളും പരാതികളും സ്വീകരിച്ച് ഉടനടി നടപടി സ്വീകരിച്ചുവരുന്നു. 14 ജില്ലകളിലും മുഴുവൻ സമയവും പ്രവർത്തിക്കുന്ന എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) സംസ്ഥാന അതിർത്തികളിൽ നിരന്തര പരിശോധന നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | രാസ ലഹരി ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉൽപ്പന്നങ്ങൾ വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ മുഖേനയും ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ മുഖേനയും കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിന് എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ലഹരി കടത്തും കച്ചവടവും നടത്തി വരുന്നവരുടെ പ്രവർത്തനങ്ങൾക്ക് തടയിടാൻ അവരുടെ സമഗ്ര വിവരങ്ങൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നിരീക്ഷിച്ചു നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൊറിയർ സർവ്വീസ് വഴി ലഹരിക്കടത്ത് നടത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു. വ്യാജ വാറ്റ്, വ്യാജ മദ്യം, മയക്കുമരുന്ന് എന്നിവ കടത്തുന്നതിനെതിരെ പോലീസ്, ഫോറസ്റ്റ്, ആരോഗ്യം, പഞ്ചായത്ത്, റവന്യൂ തുടങ്ങിയ ഇതര വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തി അത്തരം പ്രവർത്തനങ്ങളെ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ